**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 1871/AD A1/4/AD A1/AD A 1 തീയതി: 09.01.2020

പ്രിയദർശിനി ഹിൽസ്

**<u>സർക്കുലർ</u>**

വിഷയം:- സ്കൂൾ ഓഫ് ബയോസയൻസസ് -ലേക്ക് സ്ഥലംമാറ്റത്തിന് സന്നദ്ധരായ അസ്സിസ്റ്റന്റുമാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന :- ____________

സർവ്വകലാശാലയുടെ കീഴിലുള്ള സ്കൂൾ ഓഫ് ബയോസയൻസസ് -ൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ സ്ഥലംമാറ്റ നിയമനത്തിലൂടെ നികത്തുന്നതിനായി സമ്മതപത്രം ക്ഷണിച്ചുകൊള്ളുന്നു. സ്ഥലംമാറ്റത്തിന് സന്നദ്ധരായ അസ്സിസ്റ്റന്റുമാർ തങ്ങളുടെ സമ്മതപത്രങ്ങൾ മേലുദ്യോഗസ്ഥരുടെ ശിപാർശയോടു കൂടി, **<u>സർക്കുലർ പ്രസിദ്ധീകരിച്ച തീയതി മുതൽ 10 ദിവസത്തിനകം</u>** എഡി. എ1 സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.

ഇപ്രകാരം സമർപ്പിക്കുന്ന സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റത്തിന് ഉത്തരവ് ലഭിക്കുന്ന ജീവനക്കാർ, പ്രസ്തുത ഉത്തരവ് അനുസരിക്കാൻ ബാധ്യസ്ഥരാണ്. അന്തിമ പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം ജീവനക്കാർ തങ്ങളുടെ ഊഴം നിരസിക്കുകയാണെങ്കിൽ പ്രസ്തുത അവസരം വിനിയോഗിച്ചതായി കണക്കാക്കപ്പെടും.

അന്തിമ പട്ടികയിൽ നിന്ന് സ്ഥലംമാറ്റം നടപ്പിലാക്കുന്നത് പ്രസ്തുത സ്കൂളിന്റെ ആവശ്യകത അനുസരിച്ചായിരിക്കും. ആയതിനാൽ സ്ഥലം മാറ്റപ്പട്ടികയിൽ ഇടം നേടുന്നത് സ്ഥലം മാറ്റത്തിനുള്ള അവകാശമായിരിക്കുന്നതല്ല.

**ഡോ .കെ. സാബുകുട്ടൻ**
രജിസ്ട്രാർ (i/c)

സ്വീകർത്താവ്

1. വിവിധ സെക്ഷനുകൾ/ സ്കൂളുകൾ/ ഡിപ്പാർട്ട്മെന്റുകൾ/ സെന്ററുകൾ
2. വൈസ് ചാൻസലറുടെ /പ്രോ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എമാർ
4. പി. ആർ. ഒ./ കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ ഡി.സി.ഡി.സി.
5. നോട്ടീസ് ബോർഡ്/ സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

Draft #18 of File 1871/AD A1/4/2019/AD A 1 Approved by REGISTRAR (i/c) on 09-Jan-2020 11:13 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

# സമർപ്പണം

വിഷയം: സ്കൂൾ ഓഫ് ബയോസയൻസസ് -ലേക്ക് സ്ഥലംമാറ്റത്തിന് സന്നദ്ധരായ അസ്സിസ്റ്റന്റുമാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

1. പേര് :
2. തസ്തിക :
3. സെക്ഷൻ :
4. ഫോൺ നമ്പർ (മൊബൈൽ) :
5. മഹാത്മാഗാന്ധി സർവ്വകലാശാല സർവ്വീസിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമിക്കപ്പെട്ട തീയതി :
6. സർവ്വകലാശാല സ്കൂളുകൾ/ ഡിപ്പാർട്ടുമെന്റുകൾ / സെന്ററുകൾ എന്നിവയിലുള്ള മുൻകാല സേവനവിവരങ്ങൾ

| ക്രമ നം. | സ്കൂൾ/ ഡിപ്പാർട്ടുമെന്റ്/ സെന്റർ | സേവനകാലയളവ് | |
|---|---|---|---|
| | | ചുമതലയേറ്റ തീയതി | വിടുതൽ ചെയ്ത തീയതി |
| | | | |
| | | | |
| | | | |

മേൽ വിവരിച്ച വസ്തുതകൾ എന്റെ അറിവിൽപ്പെട്ടിടത്തോളം ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. സർവ്വകലാശാലയുടെ സ്കൂൾ ഓഫ് ബയോസയൻസസ് -ലേക്ക് നിയമാനുസൃതമായ സ്ഥലംമാറ്റ നിയമനത്തിന് സമ്മതമാണെന്നും, ഈ സമ്മതപത്രമനുസരിച്ച് ലഭിക്കുന്ന സ്ഥലംമാറ്റ നിയമന ഉത്തരവ് നിരസിക്കുകയില്ലെന്നും ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: ഒപ്പ്:

തീയതി:

| | | | | |
|---|---|---|---|---|
| സെക്ഷൻ ഓഫീസർ | അസിസ്റ്റന്റ് രജിസ്ട്രാർ | ഡെപ്യൂട്ടി രജിസ്ട്രാർ | ജോയിന്റ് രജിസ്ട്രാർ | മേലധികാരി/ വകുപ്പ് മേധാവി |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #18 of File 1871/AD A1/4/2019/AD A 1 Approved by REGISTRAR (i/c) on 09-Jan-2020 11:13 AM - Page 2